# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 595 — 10.07.2012-ലെ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മമ്മൂട്ടി :<br>ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി :<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് :<br>ശ്രീ.പി.കെ.ബഷീർ | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവിൽ ഓരോ വർഷവും കുറവു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) പ്രത്യേകമായ സാഹചര്യങ്ങളിൽ ചില ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | ബി) പദ്ധതി രൂപീകരണ നടപടികൾ യഥാസമയം പൂർത്തിയാകാതെ വരുക, പദ്ധതി അംഗീകാരം ലഭിച്ചശേഷം ഗ്രാമസഭകൾ ചേർന്ന് ഗുണഭോക്തൃ പട്ടികകൾ അംഗീകരിക്കുന്നതിലുണ്ടാകുന്ന കാലതാമസം, ടെണ്ടർ നടപടികൾ പൂർത്തിയാക്കാനുണ്ടാകുന്ന താമസങ്ങൾ, ആസൂത്രണ സമയത്തു വിഭാവന ചെയ്യാൻ കഴിയാതിരുന്ന സാങ്കേതികവും ഭരണപരവുമായ നിർവഹണ തടസ്സങ്ങൾ, വിവിധ ജനപ്രാതിനിധ്യ സഭകളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പുകളുമായി |

ബന്ധപ്പെട്ട പെരുമാറ്റ ചട്ടങ്ങൾ പ്രാബല്യത്തിലായിരിക്കുക, പ്രകൃതി ക്ഷോഭങ്ങൾ തുടങ്ങിയ കാരണങ്ങൾ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവിൽ ഏറ്റകുറച്ചിലുകൾ വരുത്താറുണ്ട്.

സി) ഓരോ സാമ്പത്തിക വർഷവും മാർച്ച് മാസത്തിലാണ് ഏറ്റവും കൂടുതൽ ചെലവ് രേഖപ്പെടുത്താറുള്ളത് എന്നുള്ളതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

സി) ഉണ്ട്. പലപ്പോഴും പദ്ധതി രൂപീകരണ നടപടിക്രമങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിനു മുമ്പുള്ള നടപടിക്രമങ്ങളും പൂർത്തിയാകുമ്പോൾ സാമ്പത്തിക വർഷത്തിന്റെ മൂന്നാം പാദം കഴിയാറുണ്ട്. കൂടാതെ ഭൂരിഭാഗം പ്രോജക്ടുകളും പൂർത്തീകരിക്കപ്പെട്ടതിനുശേഷം വർഷാവസാന (മാർച്ച് മാസം)മാണ് അവസാന തുക അനുവദിക്കപ്പെടുന്നത്.

ഡി) നിലവിലെ സ്ഥിതിവിശേഷം വികസനമാന്ദ്യത്തിനും അഴിമതിക്കും വഴിവെക്കുമെന്നത് കണക്കിലെടുത്ത്, മൂന്നുമാസത്തിലൊരിക്കൽ പദ്ധതിചെലവുകൾ റിവ്യൂ ചെയ്യുന്നതിനും അടുത്ത മൂന്നു മാസത്തേക്കുള്ള പ്രവർത്തനം സംബന്ധിച്ചും, കൈവരിക്കേണ്ട ഭൗതികനേട്ടം

ഡി) പദ്ധതി രൂപീകരണം കാലതാമസം കൂടാതെ നടത്തുന്നതിനുള്ള നിർദ്ദേശം നൽകുകയും ഇതുസംബന്ധിച്ച പുരോഗതി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണം സംബന്ധിച്ച

| | |
|---|---|
| സംബന്ധിച്ചും ടാർജറ്റ് നിശ്ചയിച്ച് നല്കാനും ആവശ്യമായ നിർദ്ദേശം നൽകുമോ ? | സമയക്രമങ്ങൾ, സാമ്പത്തിക വർഷാവസാനത്തിനുമുൻപ് തന്നെ നിശ്ചയിച്ച് നൽകുകയും ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ മുൻകൂറായി അനുവദിക്കുകയും ചെയ്യുന്നുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ പദ്ധതി ചെലവുകൾ ഓരോ ക്വാർട്ടറിലും നിശ്ചിത ശതമാനം പൂർത്തീകരിക്കുന്നതിനെ സംബന്ധിച്ച് സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.<br>പദ്ധതി ചെലവുകൾ ജൂൺ 30-ന് മുൻപ് 10 ശതമാനവും സെപ്റ്റംബർ 30-ന് മുൻപ് 30 ശതമാനവും ഡിസംബർ 31-നകം 60 ശതമാനവും ബാക്കിയുള്ള 40 ശതമാനം മാർച്ച് 31-നകം കൈവരിക്കണമെന്നും എന്നാൽ മാർച്ച് മാസത്തിലുള്ള പദ്ധതി ചെലവ് 10 ശതമാനത്തിൽ അധികരിക്കാൻ പാടില്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ